പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5922 09.07.2012 ൽ മറുപടിക്ക്

## മട്ടന്നൂർ നിയോജക മണ്ഡലത്തിൽ ടെൻഡർ ചെയ്ത് എഗ്രിമെന്റ് വെച്ച കാരാറുകാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| (എ) മട്ടന്നൂർ നിയോജക മണ്ഡലത്തിൽ ടെൻഡർ ചെയ്ത് എഗ്രിമെന്റ് വെച്ച് കരാറുകാർ ഏറ്റെടുത്തതിനുശേഷം എഗ്രിമെന്റ് പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലാവധി കഴിഞ്ഞ് ഒരു വർഷത്തിലധികമായിട്ടും പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകൾ റദ്ദുചെയ്യണമെന്നാവശ്യപ്പെട്ട് കത്തുകൾ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (എ) ഉണ്ട്. മട്ടന്നൂർ നിയമസഭാ മണ്ഡലം എം.എൽ.എ. ശ്രീ. ഇ.പി. ജയരാജൻ 23/12/2011, 23/01/2012, 14/05/2012 എന്നീ തീയതികളിൽ കത്തുകൾ നൽകിയിട്ടുണ്ട്. |
| (ബി) ഏതെല്ലാം പ്രവൃത്തികളുമായി ബന്ധപ്പെട്ടാണ് പ്രസ്തുത കത്തുകൾ നൽകിയത് ; | (ബി)(1) അപ്ഗ്രഡേഷൻ പ്രവൃത്തി 2010-11 എടയാർ ആലച്ചേരി റോഡിന്റെ കി.മീ.2/100 മുതൽ 5/000 വരെയുള്ള പുനരുദ്ധാരണ പ്രവൃത്തി.<br>(2) സ്റ്റിമുലസ് പാക്കേജ് - കണ്ണവം ഇടുമ്പ-തൃക്കടാരിപ്പൊയിൽ റോഡിന്റെ കി.മീ. 0/000 മുതൽ 6/100 വരെയുള്ള പുനരുദ്ധാരണ പ്രവൃത്തി. |
| (സി) ഏതു തീയതികളിലാണ് ഈ കത്തുകൾ പൊതുമരാമത്ത് ചീഫ് എഞ്ചിനീയർക്കു ലഭിച്ചതെന്നു പറയുമോ ; | (സി) 27.12.2011, 03.02.2011, 25.05.2012 എന്നീ തീയതികളിൽ |

(ഡി) കരാർ പ്രകാരം സമയബന്ധിതമായി പ്രവൃത്തി ആരംഭിക്കുകയോ പൂർത്തീകരിക്കുകയോ ചെയ്യാത്ത കരാറുകാർക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്നും പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ?

(ഡി) എടയാർ ആലച്ചേരി റോഡിന്റെ പ്രവൃത്തി എഗ്രിമെന്റ് നമ്പർ എസ്.ഇ. (കെ.)6/11-12 തീയതി:18/05/2011 പ്രകാരം 4 മാസ പൂർത്തീകരണ കാലാവധിയോടെ ശ്രീ.ഉമേഷ്കുമാർ.പി, പള്ളിക്കുന്ന് (പി.ഒ) എന്ന കരാറുകാരനെയാണ് ഏൽപ്പിച്ചിരുന്നത്. എന്നാൽ പലതവണ ആവശ്യപ്പെട്ടിട്ടും കരാറുകാരൻ പ്രവൃത്തി ആരംഭിക്കാതിരുന്ന സാഹചര്യത്തിൽ പ്രസ്തുത കരാറുകാരനുമായുള്ള കരാർ റദ്ദ് ചെയ്ത് കരാറുകാരന്റെ സ്വന്തം നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി വീണ്ടും ടെണ്ടർ ചെയ്ത് പൂർത്തീകരിക്കുന്നതിന് ശുപാർശ ചെയ്യുകയും സൂപ്രണ്ടിംഗ് എഞ്ചിനീയർ നമ്പർ ഡി.സി.4/597/2011 തീയതി:14/06/2012 ന്റെ കത്ത് പ്രകാരം കരാറുകാരന് ഫൈനൽ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ